പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*287

19-06-2019-ലെ മറുപടിയ്ക്ക്

## കർഷകരെ ചൂഷണത്തിൽ നിന്ന് രക്ഷപ്പെടുത്തുന്നതിനുള്ള നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എൽദോ എബ്രഹാം**<br>**ശ്രീ.സി. ദിവാകരൻ**<br>**ശ്രീ.ചിറ്റയം ഗോപകുമാർ**<br>**ശ്രീ.കെ. രാജൻ** | | **ശ്രീ.വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ കർഷകരെ ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്ന് രക്ഷപ്പെടുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ കർഷകരെ ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും രക്ഷപ്പെടുത്തുന്നതിന് വിവിധ തരത്തിലുള്ള വിപണി ഇടപെടലുകൾ കൃഷി വകുപ്പും, വി.എഫ്.പി.സി.കെ, ഹോർട്ടികോർപ്പ് തുടങ്ങിയ ഏജൻസികൾ മുഖേനയും നടത്തി വരുന്നുണ്ട്.<br>കേരളത്തിന്റെ പ്രധാന കാർഷിക വിളയായ നെല്ല്, തെങ്ങ്, പഴം, പച്ചക്കറികൾ എന്നിവയുടെ വിപണനത്തിന് വിവിധ മാർഗ്ഗങ്ങൾ അവലംബിച്ച് വരുന്നു. നെല്ലിന്റെ സംഭരണം ഭക്ഷ്യപൊതു വിതരണ വകുപ്പിന്റെ കീഴിലെ സപ്ലൈകോ വഴിയാണ് നിർവ്വഹിച്ച് വരുന്നത്. കേന്ദ്ര സർക്കാർ ഒരു കിലോ ശരാശരി ഗുണമേന്മ ഉള്ള നെല്ലിന് 17.50 രൂപ ഏറ്റവും കുറഞ്ഞ താങ്ങ് വിലയായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന് പുറമേ കിലോ ഒന്നിന് രൂപ 7.80 സംസ്ഥാന സർക്കാർ ഇൻസെന്റീവായി നൽകി വരുന്നുണ്ട്. സംസ്ഥാനം നൽകി വരുന്ന ഇൻസെന്റീവ് ഒരു രൂപ കൂടി വർദ്ധിപ്പിച്ചിട്ടുണ്ട്. അടുത്ത സീസൺ മുതൽ കർഷകർക്ക് ഒരു കിലോ നെല്ലിന് 26.30 രൂപ സംഭരണ വില ലഭിക്കുന്നതാണ്.<br>നാളികേരത്തിന്റെ/ കൊപ്രയുടെ വിപണനത്തിനായി പച്ചത്തേങ്ങ സംഭരണം പുനാരാരംഭിക്കുവാൻ തത്വത്തിൽ തീരുമാനിച്ച് നടപടികൾ സ്വീകരിച്ച് വരുന്നു. പഴം - പച്ചക്കറികളുടെ വിപണനത്തിന് വിവിധ പദ്ധതികളിലെ 240 പച്ചക്കറി ക്ലസ്റ്റർ മാർക്കറ്റുകൾ, 34 ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷൻ |

| | | | |
|---|---|---|---|
| | | | വിപണികൾ, 400 ആഴ്ച്ചചന്തകൾ, 454 എക്കോഷോപ്പുകൾ എന്നിവ പ്രവർത്തിച്ച് വരുന്നുണ്ട്. കൂടാതെ ഓണം, വിഷു തുടങ്ങിയ ഉത്സവകാലങ്ങളിൽ ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ എന്നീ ഏജൻസികളുടെ സഹായത്തോടുകൂടി പ്രത്യേകമായി ഉത്സവകാല വിപണികൾ നടത്തിവരുന്നുണ്ട്. സർക്കാർ നിയന്ത്രണത്തിലുള്ള 6 കാർഷിക മൊത്ത വ്യാപാരവിപണികളും, 5 ജില്ലകളിൽ കാർഷിക സംഭരണ കേന്ദ്രങ്ങളും പ്രവർത്തിച്ച് വരുന്നുണ്ട്. കാസർഗോഡ് ഒഴികെയുള്ള എല്ലാ ജില്ലകളിലും ഹോർട്ടികോർപ്പിന് സംഭരണ കേന്ദ്രങ്ങളും ചടയമംഗലം, ഹരിപ്പാട് എന്നിവിടങ്ങളിൽ ഉപസംഭരണ കേന്ദ്രങ്ങളും ഉണ്ട്. കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സംസ്ഥാനത്തുടനീളം 287 സ്വാശ്രയ കർഷക സമിതികളാണ് വെജിറ്റബിൾ & ഫ്രൂട്ട് പ്രമോഷൻ കൗൺസിലിന് കീഴിൽ പ്രവർത്തിച്ച് വരുന്നത്. കൃഷി വകുപ്പിന്റെ മൊത്ത വ്യാപാര വിപണികൾ, സംഭരണ കേന്ദ്രങ്ങൾ, വി.എഫ്.പി.സി.കെ യുടെ സ്വാശ്രയ കർഷക സമിതികൾ എന്നിവയിലൂടെ ഉത്പന്നങ്ങളുടെ ലേലം വഴിയാണ് വിപണനം നടത്തി വരുന്നത്. |
| **(ബി)** | സംസ്ഥാനത്തെയും ഇതരസംസ്ഥാനങ്ങളിലെയും കർഷകരിൽ നിന്ന് പച്ചക്കറി നേരിട്ട് സംഭരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | **(ബി)** | കൃഷി വകുപ്പിന്റെ കീഴിലുള്ള കാർഷിക മൊത്ത വ്യാപാര വിപണികൾ, ക്ലസ്റ്റർ/ബി.എൽ.എഫ്.ഒ വിപണികൾ, ആഴ്ച്ചചന്തകൾ, എക്കോഷോപ്പുകൾ, സംഭരണ കേന്ദ്രങ്ങൾ (5 ജില്ലകൾ), വി.എഫ്.പി.സി.കെ യുടെ കീഴിലുള്ള 287 സ്വാശ്രയ കർഷക സമിതികൾ എന്നിവയെല്ലാം തന്നെ കർഷകരിൽ നിന്നും നേരിട്ട് പച്ചക്കറി സംഭരിക്കുന്ന സംവിധാനമാണ് അനുവർത്തിച്ച് വരുന്നത്. ഹോർട്ടികോർപ്പ് കേരളത്തിലെ കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ നേരിട്ടും കാർഷിക മൊത്ത വ്യാപാര വിപണികൾ, വി.എഫ്.പി.സി.കെ - സ്വാശ്രയ കർഷക സമിതികൾ, മറ്റു പച്ചക്കറി ക്ലസ്റ്ററുകൾ, ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ തുടങ്ങിയവയിലൂടെ സംഭരിച്ച് വരുന്നുണ്ട്. നിലവിലുള്ള വിപണി വിലയെക്കാൾ 10% വരെ അധിക വില നൽകിയാണ് ഹോർട്ടികോർപ്പ് പച്ചക്കറികൾ സംഭരിക്കുന്നത്. കേരളത്തിൽ ലഭ്യമല്ലാത്ത പച്ചക്കറികൾ അയൽ സംസ്ഥാനങ്ങളിലെ |

| | | | |
|---|---|---|---|
| | | | കർഷക കൂട്ടായ്മകൾ, ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ എന്നിവയിൽ നിന്നും നേരിട്ട് സംഭരിക്കുന്നുണ്ട്. ഇതിന് പുറമെ സവാള നാസിക്കിൽ നിന്നും. നാഫെഡ് ഫാർമർ പ്രൊഡ്യൂസർ കമ്പനിയായ മഹാ എഫ്.പി.സി എന്നിവയിൽ നിന്നും സംഭരിച്ച് വരുന്നുണ്ട്. |
| **(സി)** | ഇങ്ങനെ സംഭരിക്കുന്ന പച്ചക്കറികൾ കേടാകാതിരിക്കാൻ ശീതസംഭരണികളിൽ ശേഖരിക്കുന്നതിനും ഫ്രഷ് ആയി ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ; | **(സി)** | മൂന്നാറിൽ നിന്നും ശേഖരിക്കുന്ന പച്ചക്കറികൾ ശീതീകരിച്ച വാഹനങ്ങളിൽ മറ്റ് ജില്ലകളിൽ എത്തിക്കുന്നതിനുള്ള നടപടികൾ ഹോർട്ടികോർപ്പ് സ്വീകരിച്ച് വരുന്നുണ്ട്. |
| **(ഡി)** | എല്ലാ ജില്ലകളിലും ജില്ലാസംഭരണകേന്ദ്രങ്ങൾ ആരംഭിക്കുമോ; വ്യക്തമാക്കുമോ; | **(ഡി)** | കൃഷി വകുപ്പിന്റെ മേൽ നോട്ടത്തിൽ കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശ്ശൂർ എന്നീ 5 ജില്ലകളിൽ സംഭരണ കേന്ദ്രങ്ങൾ പ്രവർത്തിച്ച് വരുന്നുണ്ട്.<br>സംസ്ഥാനത്തിന്റെ പ്രധാന സംഭരണ വിതരണ ഏജൻസിയായ ഹോർട്ടികോർപ്പിന് കാസർഗോഡ് ഒഴിച്ചുള്ള 13 ജില്ലകളിലും സംഭരണ കേന്ദ്രങ്ങൾ ഉണ്ട്. ഇത് കൂടാതെ ചടയമംഗലം, ഹരിപ്പാട് എന്നിവിടങ്ങളിൽ ഉപ സംഭരണ കേന്ദ്രങ്ങളും ഉണ്ട്. |
| **(ഇ)** | വിപണനരംഗത്ത് സ്വാശ്രയകർഷകസമിതികളുടെ പ്രവർത്തനം വ്യാപിപ്പിക്കുമോ; വിശദമാക്കുമോ; | **(ഇ)** | വി.എഫ്.പി.സി.കെ യുടെ കീഴിൽ നിലവിലുള്ള 287 സ്വാശ്രയ കർഷക സമിതികൾക്ക് പുറമേ, സാധ്യതയുള്ള സ്ഥലങ്ങളിൽ ആവശ്യാനുസരണം പുതിയ വിപണികൾ ആരംഭിക്കുന്ന വിഷയം വി.എഫ്.പി.സി.കെ പരിഗണിച്ചു വരുന്നു. |
| **(എഫ്)** | ഓൺലൈൻ പോർട്ടൽ സജ്ജമാക്കി വിപണന മേഖല വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | **(എഫ്)** | സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖേന നടപ്പിലാക്കി വരുന്ന കാർഷിക വിവര സങ്കേതം - വെബ് പോർട്ടൽ സംവിധാനത്തിൽ 'ഇ-വിപണി' എന്ന വിഭാഗത്തിലേക്ക് കർഷകർക്ക് മൊബൈൽ ആപ്ലിക്കേഷൻ മുഖേന അവരുടെ ഉല്പന്നങ്ങൾ സംബന്ധിച്ച വിവരങ്ങൾ പോസ്റ്റ് ചെയ്യാനും ഉത്പന്നങ്ങൾ വാങ്ങുവാൻ താത്പര്യമുള്ളവർക്ക് ആയത് സംബന്ധിച്ച വിവരങ്ങൾ പോസ്റ്റ് ചെയ്യാനും ഉള്ള ഓൺലൈൻ പോർട്ടൽ സംവിധാനം ലഭ്യമാണ്. |

| | | | |
|---|---|---|---|
| | | | ഇലക്ട്രോണിക് നാഷണൽ അഗ്രിക്കൾച്ചർ മാർക്കറ്റ് (ഇനാം) എന്ന സംവിധാനത്തിലേയ്ക്ക് കൃഷി വകുപ്പിന്റെ 6 വിപണികളേയും ഉൾക്കൊളളിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. വി.എഫ്.സി.സി.കെ യുടെ കീഴിലുള്ള തെരഞ്ഞെടുത്ത സ്വാശ്രയ കർഷക സമിതികളേയും ദേശീയ ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനത്തിലേയ്ക്ക് ബന്ധിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ച് വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**